## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 38 10.03.2015- ൽ മറുപടിക്ക്

### "ബി.ടു.ബി. വ്യവസായ സംഗമം"

**ചോദ്യം** **ഉത്തരം**

ശ്രീ. ലൂഡി ലൂയിസ്
ശ്രീ. എ.ടി.ജോർജ്
ശ്രീ. പാലോട് രവി
ശ്രീ. വി.ഡി.സതീശൻ

ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ബി.ടു.ബി വ്യവസായ സംഗമം നടത്തിയിട്ടുണ്ടോ ? | എ) | ഉണ്ട്. 2004, 2005, 2007, 2015 എന്നീ വർഷങ്ങളിൽ ബി.ടു.ബി വ്യവസായ സംഗമം നടത്തിയിട്ടുണ്ട്. 2015-ലെ ബി.ടു.ബി വ്യവസായ സംഗമം ഫെബ്രുവരി 26 മുതൽ 28 വരെ കൊച്ചിയിൽ വച്ചാണ് നടത്തിയത്. |
| ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ? | ബി) | കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളെ വിപണനത്തിന് സഹായിക്കുക, കേരളത്തിന് അകത്തുള്ള വ്യവസായികൾക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുവാനും കേരളത്തിന് പുറമേ നിന്നുള്ളവർക്ക് വിപണനം നടത്തുവാനും സഹായകമാക്കുക, കേരളത്തിലെ സംരംഭകർക്ക് അന്തർ ദേശീയ വിപണന മേഖലയെ പരിചയപ്പെടുത്തുക, മറ്റ് ഉൽപ്പാദന വിപണന സൗകര്യങ്ങളും പശ്ചാത്തലവും മനസ്സിലാക്കിക്കൊടുക്കുക, വിപണി മൽസരം അതിജീവിക്കാൻ പ്രാപ്തരാക്കുക തുടങ്ങിയവയാണ് ഇതിന്റെ ഉദ്ധേശ്യലക്ഷ്യങ്ങൾ. |

| | | | |
|---|---|---|---|
| സി) | എന്തെല്ലാം വിഷയങ്ങളാണ് പ്രസ്തുത സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളത്; | സി) | കേരളത്തിന്റെ പ്രധാനപ്പെട്ട ചില മേഖലകൾ കേന്ദ്രീകരിച്ചാണ് ബി2 ബി സംഗമം സംഘടിപ്പിക്കാറുള്ളത്. 2015-ലെ ബി2 ബി സംഗമത്തിൽ ഭക്ഷ്യ സംസ്കരണ മേഖല, കൈത്തറി തുണികളും വസ്ത്ര നിർമ്മാണവും, റബ്ബർ-തടി അധിഷ്ഠിത വ്യവസായങ്ങൾ, ആയുർവേദവും ഔഷധ സസ്യങ്ങളും, ഇലക്ട്രിക്കലും ഇലക്ട്രോണിക്സും, പരമ്പരാഗത മേഖല തുടങ്ങിയ 7 വിഭാഗത്തിൽപ്പെട്ട കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയിലെ ഉൽപ്പാദകർക്ക് അവരുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും കേരളത്തിന് വെളിയിൽ നിന്നുള്ള കച്ചവടക്കാർക്ക് അവ വാങ്ങുന്നതിനുള്ള ട്രേഡ് എഗ്രിമെന്റ് നടത്തുന്നതിനുമാണ് പ്രധാനമായും ചർച്ചകൾ നടന്നിട്ടുള്ളത്. കേരളത്തിൽ നിന്നും 150 സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായിക ഉൽപ്പാദകർ ഈ മീറ്റിൽ പങ്കെടുക്കുകയുണ്ടായി. രജിസ്റ്റർ ചെയ്ത 501 ബയർമാരിൽ നിന്നും 289 പേരും സ്പോർട്ട് രജിസ്ട്രേഷൻ വഴി 154 പേരും ഉൾപ്പെടെ 443 ബയർമാർ പങ്കെടുത്തു. |
| ഡി) | സംഗമത്തിൽ ചർച്ച ചെയ്ത വിഷയങ്ങളിൽ എന്തെല്ലാം തുടർനടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്? | | ബി.ടുബി മീറ്റിൽ SME യൂണിറ്റുകൾക്ക് ലഭിച്ച Trade Enquiry കൾ പൂർത്തീകരിക്കുവാൻ വേണ്ട സഹായ സഹകരണങ്ങൾ നൽകുക, അന്താരാഷ്ട്ര വിപണിയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ യൂണിറ്റുകളെ സജ്ജരാക്കുക, തുടർ ചർച്ചകൾക്ക് വഴിയൊരുക്കുക തുടങ്ങിയ തുടർനടപടികളാണ് ഉദ്ദേശിക്കുന്നത്. |

”

സെക്ഷൻ ഓഫീസർ